# ഭൂമിമലയാളം

## ലോക മലയാളദിനാചരണത്തോടെ തുടക്കം

### ആഗോളമലയാളിക്കൂട്ടായ്മയ്ക്ക് നേതൃത്വം നൽകി ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ.




ഭാഷയുടെ വേദിയിൽ ആഗോളതലത്തിൽ മലയാളികളെ കൂട്ടിയിണക്കു പദ്ധതിയായ ഭൂമിമലയാളത്തിന്റെ ഭാഗമായി അകം കേരളത്തിലും പുറംകേരളത്തിലും ലോകമലയാളദിനം ആചരിച്ചു. കലാ-സാഹിത്യ-സാംസ്കാരിക രംഗങ്ങളിലെ മലയാളി പ്രതിഭകൾ പങ്കെടുത്ത പ്രൗഢഗംഭീര വേദിയിൽ ലോകമലയാളദിനാചരണത്തിന് മലയാളം മിഷൻ ചെയർമാൻ കൂടിയായ ബഹു. കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ തുടക്കം കുറിച്ചു.

മലയാളികളുടെ ഐക്യം ഏറെ ആവശ്യമുള്ള ഈ കാലഘട്ടത്തിൽ ഭാഷാടിസ്ഥാനത്തിൽ കേരളീയരെ ഒരു വേദിയിൽ സംഘടിപ്പിക്കുന്ന മലയാളം മിഷന്റെ ഭൂമിമലയാളം പോലെയുള്ള പദ്ധതികൾക്ക് നവകേരളനിർമിതിയിൽ വലിയ പങ്കുവഹിക്കാനുണ്ടെന്ന ഭൂമിമലയാളത്തിന് തുടക്കം കുറിച്ചുകൊണ്ട് മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ പറഞ്ഞു. പ്രളയാനന്തര കേരളം സാക്ഷ്യം വഹിച്ചത് മനസുകളുടെ അപൂർവമായ ഒരുമയുടെ കാഴ്ച്ചയ്ക്കാണ്. മലയാളി എന്ന ഭാഷാസമൂഹത്തിന്റെ ഐക്യവും സാധ്യതകളും നാടിന്റെ സർവതോന്മുഖമായ വികാസത്തിനുവേണ്ടി ഉപയോഗിക്കേണ്ടതുണ്ട്. ലോകത്തിന്റെ കൂടുതൽ ഭാഗങ്ങളിലേക്ക് ഭാഷാ - സാംസ്കാരിക പഠന - പ്രവർത്തന കേന്ദ്രങ്ങൾ വ്യാപിപ്പിക്കാനുള്ള ഒരു ശ്യംഖലയെ നമുക്ക് ശക്തിപ്പെടുത്തേണ്ടതുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ലോകത്ത് എവിടെയായാലും നമ്മുടെ അടിസ്ഥാനപരമായ മേൽവിലാസം മലയാളി എന്നതാണ്. അതുകൊണ്ടുതന്നെ ഭാഷയ്ക്കും ഭാഷാബോധത്തിനും വലിയ പ്രാധാന്യമുണ്ട്. സ്വന്തമായ ഭാഷയും സംസ്കാരവും ഇല്ലാത്തവരെ രണ്ടാംതരം പൗരന്മാരായി പരിഷ്കൃതലോകം കണക്കാക്കുന്നത് നമുക്കാകെ ലോകത്തിന്റെ മുന്നിൽ അഭിമാനത്തോടെ നിൽക്കാൻ കരുത്തുപകരു അതിസമ്പന്നമായ ഒരു ഭാഷയും സംസ്കാരവുമാണുള്ളത്. എന്തിന്റെ പേരിലായാലും അതിനെ കൈവെടിഞ്ഞാൽ വേരുകളറ്റ ഒരു സമൂഹമായി നമ്മൾ മാറുമെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.



മുഖ്യമന്ത്രിയുടെ കോഫറൻസ് ഹാളിൽ നവംബർ ഒന്നിന് ഉച്ചയ്ക്ക് 12ന് നടന്ന ചടങ്ങിൽ ബഹു. സാംസ്കാരികകാര്യ മന്ത്രി ശ്രീ. എ. കെ. ബാലൻ അധ്യക്ഷത വഹിച്ചു. മലയാളിയുടെ കൂട്ടായ്മ കാല-ദേശ അന്തരമില്ലാതെ സുസ്ഥിരമാക്കാൻ ഭൂമിമലയാളം ക്യാംപെയ്ൻ വഴി ഉദ്ദേശിക്കുതായി ശ്രീ. എ. കെ. ബാലൻ പറഞ്ഞു. എവിടെയെല്ലാം മലയാളി, അവിടെയെല്ലാം മലയാളം എന്ന മലയാളം മിഷന്റെ സന്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ക്യാംപെയ്ൻ വിഭാവനം ചെയ്തിരിക്കുത്. ഭൂമിമലയാളം ക്യാംപെയ്നിലൂടെ മലയാളികളുടെ സാന്നിധ്യമുള്ള കൂടുതൽ ദേശങ്ങളിലേക്ക് ഭാഷാപഠന-പ്രചാരണ പ്രവർത്തനങ്ങൾ എത്തിക്കാൻ മലയാളം മിഷൻ തയ്യാറെടുക്കുകയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

നമ്മുടെ ഭാഷയേയും പ്രകൃതിയേയും സംരക്ഷിക്കുന്നതിനുള്ള അവബോധം പ്രവാസി മലയാളികളുടെ പുതിയ തലമുറയിലേക്ക് പകർുകൊടുക്കേണ്ട ചുമതല മലയാളം മിഷൻ പോലെയുള്ള സർക്കാർ സംരംഭങ്ങൾക്കൊപ്പം, പ്രവാസികളായ മലയാളി രക്ഷിതാക്കൾക്കു കൂടിയാണെന്ന് കവയിത്രിയും മലയാളം മിഷൻ ഭരണസമിതി അംഗവുമായ ശ്രീ. സുഗതകുമാരി പറഞ്ഞു. മലയാളം മിഷന്റെ ഭൂമിമലയാളം പ്രതിജ്ഞ തയ്യാറാക്കിയ പ്രവാസി മലയാളി കൂടിയായ കവി ശ്രീ. കെ.സച്ചിദാനന്ദനെ മുഖ്യമന്ത്രി ചടങ്ങിൽ ആദരിച്ചു. കവിയും മുഖ്യമന്ത്രിയുടെ മാധ്യമ ഉപദേഷ്ടാവുമായ ശ്രീ. പ്രഭാ വർമ്മയുടെ കാൽച്ചിലമ്പ് എന്ന പുസ്തകം മുഖ്യമന്ത്രി കവയിത്രി സുഗതകുമാരിക്ക് നൽകി പ്രകാശിപ്പിച്ചു.

ഭൂപടത്തിന്റെ നാനാകോണിലും പടർന്നുകിടക്കുന്ന മലയാളി എന്ന ഭാഷാസമൂഹത്തെ കണ്ണിചേർത്ത് ഭാഷയുടെ വേദിയിൽ അണിനിരത്തുന്ന സംരംഭമാണ് ഭൂമിമലയാളമെന്ന് മലയാളം മിഷൻ ഡയറക്ടർ പ്രൊഫ. സുജ സൂസൻ ജോർജ്ജ് പറഞ്ഞു. ലോകരാഷ്ട്രങ്ങളിൽ നിന്ന് ഒട്ടാകെ മലയാളികൾ പങ്കെടുക്കു ലോകമലയാളദിനാചരണം, വിവിധ ഭാഷാപ്രചാരണ പ്രവർത്തനങ്ങൾ, സാംസ്കാരിക പരിപാടികൾ എന്നിവ ഈ പദ്ധതിയുടെ ഭാഗമായി നടക്കുമെന്നും ഡയറക്ടർ സ്വാഗതം ആശംസിച്ചുകൊണ്ട് പറഞ്ഞു.




സാംസ്കാരികകാര്യ വകുപ്പ് സെക്രട്ടറി ശ്രീ. റാണി ജോർജ്ജ്, പ്രവാസി ക്ഷേമനിധി ബോർഡ് ചെയർമാൻ ശ്രീ. പി. ടി. കുഞ്ഞുമുഹമ്മദ്, മലയാളം മിഷൻ ഭരണസമിതി അംഗങ്ങളായ ശ്രീ. കെ. പി. രാമനുണ്ണി, ശ്രീ. എസ്. ശാരദക്കുട്ടി, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് ശ്രീ. വൈശാഖൻ, ചലച്ചിത്ര അക്കാദമി ചെയർമാൻ ശ്രീ. കമൽ, സാക്ഷരതാ മിഷൻ അതോറിറ്റി ഡയറക്ടർ ശ്രീ. പി. എസ്. ശ്രീകല, ഭാരത് ഭവൻ സെക്രട്ടറി ശ്രീ. പ്രമോദ് പയ്യൂർ, ബുക്ക്മാർക്ക് സെക്രട്ടറി ശ്രീ. ഗോകുലേന്ദ്രൻ, ലൈബ്രറി കൗൺസിൽ സെക്രട്ടറി ശ്രീ. പി. കെ. രാജ്മോഹൻ, പുരോഗമന കലാസാഹിത്യസംഘം പ്രതിനിധി ശ്രീ. വി. എൻ. മുരളി, ചലച്ചിത്ര അക്കാദമി സെക്രട്ടറി ശ്രീ. മഹേഷ് പഞ്ജു, സംവിധായിക വിധു വിൻസന്റ്, പി. ആർ. ഡി. പ്രതിനിധി ശ്രീ. മനോജ് പുതിയവിള (പി ആർ ഡി), മലയാളം മിഷൻ രജിസ്ട്രാർ ശ്രീ. എം. സേതുമാധവൻ തുടങ്ങിയവർ പങ്കെടുത്തു.